**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2911** **10-03-2025 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി ഫീൽഡ് ബോത്തി കനാലിന് ഏറ്റെടുത്ത സ്ഥലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ ഫീൽഡ് ബോത്തി കനാലിനായി ഏറ്റെടുത്ത സ്ഥലങ്ങൾ ലീസിന് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ ഫീൽഡ് ബോത്തി കനാലിനായി ഏറ്റെടുത്ത സ്ഥലങ്ങൾ ലീസിന് നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത സ്ഥലങ്ങൾ അനധികൃതമായി കൈയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായ കനാലുകളിൽ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയങ്ങാടി ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ ചെയിനേജ് 2/200 കിലോമീറ്ററിനു സമീപം അതിർത്തി നിർണ്ണയം നടത്തിയപ്പോൾ കയ്യേറ്റം കണ്ടെത്തുകയും ആയത് രേഖപ്പെടുത്തിയ സ്കെച്ച് തഹസിൽദാർ (ഭൂരേഖ) കാര്യാലയത്തിൽ നിന്ന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി വില്ലേജ് ഓഫീസിൽ നിന്നും മഹസർ ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും ഒഴിപ്പിക്കുന്നതിനുമായി കുറ്റ്യാടി പദ്ധതിക്ക് കീഴിലെ എല്ലാ കനാലുകളുടെയും അതിർത്തി നിർണ്ണയം നടത്തുന്നതിനായി ബന്ധപ്പെട്ട തഹസിൽദാർക്ക് കത്ത് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ